നെട്ടൂർ ഉള്ളാട കാളനിയിൽ അന്യജാതിക്കാരെക്കൊണ്ടാണു പണികൾ ചെയ്യിക്കുന്നതു് എന്നു ശവമ്മെണ്ടിനു് അറിയാമോ?

രാമവമ്മതമ്പുരാൻ.—ആരെക്കൊണ്ടാണു് പണിയെടുപ്പിക്കുന്നതെന്നു് പറവാൻ അതിന്റെ റിപ്പോർട്ടു് എന്റെ കയ്യിലില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെപ്പറ്റി അന്വേഷിക്കുമോ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

മിസ്റ്റർ എം. കെ. രാമൻ.—നിവൃത്തിയുള്ളിടത്തോളം അധഃകൃതരെക്കൊണ്ടുതന്നെയാണു ചെയ്യിക്കുന്നതു് എന്നു പറഞ്ഞിരിക്കുന്നു. അധഃകൃതർക്കു ചെയ്യാവുന്ന കൺട്രാക്ടറുകൾ അവർക്കു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അവരെക്കൊണ്ടു വേലചെയ്യിക്കുന്നു എന്നുള്ള അർത്ഥത്തിലാണു പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ എം. കെ. രാമൻ.—കൺട്രാക്ടു് കൊടുത്താണോ വേലചെയ്യിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—ചിലതു് കൺട്രക്ടു് കൊടുത്തു ചെയ്യിക്കുന്നുണ്ടു്; ചിലതു് സബോർഡിനേറ്റ് സിനേയും ഏല്പിച്ചിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാമൻ.—വാർഡൻ സർക്കാരുദ്യോഗസ്ഥനാണോ?

രാമവമ്മതമ്പുരാൻ.—വാർഡൻ സർക്കാരുദ്യോഗസ്ഥന്റെ നിലയിലല്ല.

മിസ്റ്റർ എം. കെ. രാമൻ.—കൺട്രാക്ടരുടെ നിലയിലാണോ വാർഡനെ വച്ചിരിക്കുന്നതു്?

രാമവമ്മതമ്പുരാൻ.—അങ്ങിനെയൊന്നും വച്ചിട്ടില്ല; രണ്ടു ജോലികളും നോക്കും.

മിസ്റ്റർ കെ. പി. വള്ളോൻ.—കൺട്രാക്ടർക്കു് ശവമ്മെണ്ടിൽ നിന്നും അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഈ വക പണികളെല്ലാം വാർഡനെക്കൊണ്ടാണു് ചെയ്യിക്കുന്നതു്.

Nettur Ullada Colony.

113. മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടൂർ ഉള്ളാട കാളനിയിൽ എത്ര വീടുകൾ പണിയിച്ചുകൊടുത്തിട്ടുണ്ടു്;

എ എ ഠ -ലും എ എ ഡ വ -ലും കാളനിയിലേക്കു വേണ്ടി ചിലവാക്കീട്ടുള്ള സംഖ്യയുടെ ഇനം തിരിച്ചിട്ടുള്ള പട്ടിക ഈ മേശപ്പുറത്തു വയ്ക്കാമോ;

ടി കാളനിയിൽ മുമ്പുണ്ടായിരുന്ന വാർഡനെ മാറുവാനുണ്ടായ കാരണമെന്തു്; വീണ്ടും നിയമിച്ചിട്ടുള്ള ആൾ പഴയ ആ

LIBRARY ARCHIVES Kerala Legislative Assembly

ളിന്റെ വല്ലവരുമാകുമോ; ടി യാനു വല്ല ഗവമ്മെണ്ടുദ്യോഗവു മുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇ വീടുകൾ പണി ചെയ്യുവരുന്നുണ്ടു്.

ഫ ഫ ഠ ൈ-ലു, ഫ ഫ ഠ വു-ലും ചിലവായ സംഖ്യകളുടെ കണക്കു് അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix V*).

മുമ്പിലത്തെ വാർഡൻ രാജി വെച്ചു് ഒഴിഞ്ഞു. പുതിയ വാർഡൻ ആദ്യത്തെ വാർഡന്റെ മകനാണു്. ടി യാനു ഗവമ്മെണ്ടുദ്യോഗമൊന്നുമില്ല.

മിസ്റ്റർ കെ.പി. വള്ളോൻ.—ഈ വാർഡൻ എത്തർഗ്രാൻറ് സ്കൂളിൽ പഠിപ്പിക്കുന്നതിനു പുറമെയാണു് ഈ ജോലിയും നോക്കുന്നതു്. ആ സ്ഥിതിക്കു് ഇതിൽ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണോ?

രാമവമ്മതമ്പുരാൻ.—ഏതു വാർഡനെ സംബന്ധിച്ചാണു് ചോദിക്കുന്നതു്?

മിസ്റ്റർ കെ.പി. വള്ളോൻ.—ഇപ്പോഴത്തെ വാർഡനെ സംബന്ധിച്ചാണു്:

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല. അന്വേഷിച്ചു പറയാം.

Manager—Chalakkudi Colony.

114. മിസ്റ്റർ കെ. പി വള്ളോൻ.—(a) ചാലക്കുടി കാളനി വാർഡനുള്ള പരീക്ഷായോഗ്യതയെന്തു്;

(b) അദ്ദേഹത്തിന്റെ ജോലി ഗവമ്മെണ്ടിനു തൃപ്തികരമാണോ?

രാമവമ്മതമ്പുരാൻ.—(a) ചാലക്കുടി കാളനി മാനേജർ സ്കൂൾഫൈനൽ പാസായിട്ടുണ്ടു്.

(b) അതെ.

മിസ്റ്റർ കെ. പി. വള്ളോൻ—ചാലക്കുടി കാളനി മാനേജരെപ്പറ്റിയല്ല ചോദിച്ചതു്. വാർഡനെപ്പറ്റിയാണു്; മാനേജരെപ്പറ്റിയാണു് മറുപടി പറഞ്ഞിരിക്കുന്നതു്.

രാമവമ്മതമ്പുരാൻ.—അവിടെ രണ്ടും കൂടി ഒരാളേയുള്ളു. വാർഡനെ സംബന്ധിച്ചുള്ള മറുപടിയാണു് അതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡനു് എന്തു പരീക്ഷായോഗ്യത വേണം.

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

Warden—Vellikulangara Colony.

115. മിസ്റ്റർ കെ. പി. വള്ളോൻ.—വെള്ളിക്കുളങ്ങര കാളനി വാർഡനെ ഓർഗനൈസർ ജോലിയിൽ നിന്നും മാറുവാനുണ്ടായ മതിയായ കാരണങ്ങൾ ഏവ?

രാമവമ്മതമ്പുരാൻ.—വാർഡനെ ഓർഗനൈസർ ജോലിയിൽ നിന്നും മാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV.

(Vide answer to Question No. 111).

Statement of expenditure for the D. C. Hostel.

	Rs.	A.	P.
House rent	91	0	0
Messing charges	245	0	0
Allowance for cooks.—			
Head cook	31	12	0
Asst. cook	21	0	0
Furniture	100	0	0
Cooking utensils	30	0	3
Lighting charges	32	0	0
Warden's allowance	105	0	0
Miscellaneous	45	0	0
Total	700	12	0

APPENDIX V.

(Vide answer to Question No. 113).

Statement of expenditure in the Nettur Colony for 1107 and 1108.

		for 1107 Rs.	A.	P.	Till 1-11-08. Rs.	A.	P.
1.	Warden's allowance	72	10	0	100	0	0
2.	Agriculture	147	6	0	40	0	0
3.	Bhajana Mutt	60	0	0	10	0	0
4.	Sanitary improvements	80	0	0	25	0	0
5.	Industries	90	0	0	25	0	0
	Total	450	0	0	200	0	0

APPENDIX VI.

(Vide answer to Question No. 129).

Copy of the report, dated 14th Edavam 1108 from the Hon. Warden, Ullada Colony, Nettur.

ഇതൊന്നിച്ചു അയക്കുന്ന ഹർജ്ജിയിൽ പറയുന്ന സംഗതികൾ ഏതാണ്ടൊക്കെ നടന്നതാണ്. എന്നാൽ ഹർജ്ജിക്കാർ പറയും പോലെ ഇട്ടിശ്ശങ്കരൻ വെറും ഒരു ഭ്രാന്തനല്ല എന്നാണ് ഞാൻ അനുമാനിച്ചിരിക്കുന്നത്.

ഇട്ടിശ്ശങ്കരൻ രസംകെടിച്ചതായി കേട്ട് ഞാൻ ടിയാന്റെ വസതിയിൽ ചെന്നപ്പോൾ ടിയാന്റെ പഞ്ഞ പുച്ഛങ്ങളടക്കിയ കിടപ്പും മറ്റു കാളനി നിവാസികളാൽ ആബാലവൃദ്ധം ചെയ്യുന്ന ശുശ്രൂഷകളും രസം ടിയാന്റെ വായിൽ കിടക്കുന്നതും കണ്ട്

LIBRARY ARCHIVES Kerala Legislative Assembly